# ഓൺലൈൻ യൂണിറ്റുകൾ എന്ത് ? എങ്ങനെ ?

**പരിഷത്തിനോട് ചേർന്ന് പ്രവർത്തിക്കാൻ സന്നദ്ധരായ മുഴുവൻ പേരെയും സംഘടനാ പ്രവർത്തകരാക്കാൻ ലക്ഷ്യമിട്ടാണ് ഓൺലൈൻ അംഗത്വം എന്ന ആശയം കണ്ണൂർ സമ്മേളനം അംഗീകരിച്ചത്. എന്നാൽ അതിന് ചില ശ്രമങ്ങൾ നടന്നുവെങ്കിലും ഇങ്ങനെ വരുന്നവരെ ദൈനംദിന പ്രവർത്തനങ്ങളിൽ എങ്ങനെ ബന്ധിപ്പിക്കാം എന്ന ആശയക്കുഴപ്പം മൂലം അത് വേണ്ടത്ര മുന്നോട്ട് നീങ്ങിയില്ല. ഇക്കാര്യങ്ങളിൽ ആശയ വ്യക്തതയുണ്ടാക്കി പരിഷത്തിലേക്ക് വരാൻ ആഗ്രഹിക്കുന്ന, പരിഷത്തിലൂടെ സമൂഹത്തിന് സംഭാവനചെയ്യാൻ കഴിയുന്ന മുഴുവൻപേരേയും സംഘടനയിൽ ഉൾക്കൊള്ളിക്കാനുള്ള പരിപാടിയാണ് ഇവിടെ വിവരിക്കുന്നത്.**

*തയാറാക്കിയത് : പി.പി.ബാബു (സംസ്ഥാന ട്രഷറർ)*

നമ്മുടെ സംഘടന വളർച്ചയുടെ ഒരു സവിശേഷ ഘട്ടത്തിലാണ്. പരിഷത്ത് കേരളസമൂഹത്തിൽ ഏറെ ശ്രദ്ധിക്കപ്പെടുകയും ചർച്ചയാവുകയും ചെയ്ത വർഷമായിരുന്നു കഴിഞ്ഞത്. കേരളവികസനം സംബന്ധിച്ച് പൊതുവിലും പരിഷത്ത് നിലപാടുകൾ പ്രത്യേകിച്ചും വലിയ തോതിൽ ചർച്ചയായി. ശാസ്ത്രം നവകേരളത്തിന് എന്ന മുദ്രാവാക്യമുയർത്തി നടത്തിയ സംസ്ഥാന പദയാത്ര അതിന്റെ സംഘാടന മികവും പങ്കാളിത്തവും അതിലുന്നയിച്ച വിഷയങ്ങളും കൊണ്ടുമാത്രമല്ല, പദയാത്രയെ സ്വീകരിക്കാനും അനുധാവനം ചെയ്യാനും കേരളത്തിന്റെ രാഷ്ട്രീയ രംഗത്ത് വിഭിന്ന ചേരിയിലുള്ളവരും സാംസ്കാരിക രംഗത്തെ പ്രമുഖരും തയ്യാറായി എന്നതിനാലും കേരളത്തെ സംബന്ധിച്ചിടത്തോളം പുതിയ ഒരനുഭവമായിരുന്നു. കഴിഞ്ഞ വർഷം കേരളത്തിനെ അപമാനത്തിലാഴ്ത്തിയ നരബലി റിപ്പോട്ട് ചെയ്യപ്പെട്ടപ്പോഴും നഷ്ടപ്പെടുന്ന ശാസ്ത്രബോധം തിരിച്ചുപിടിക്കാൻ മുന്നിൽ നിന്ന് നയിക്കാൻ പ്രാപ്തമായ സംഘടന കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ആയിരുന്നു. അതുപോലെ കപടശാസ്ത്രങ്ങളും കപടഗവേഷണങ്ങളും വഴി ശാസ്ത്ര നിരാസവും കെട്ടുകഥകളെ ശാസ്ത്രവും ചരിത്രവുമായി അവതരിപ്പിക്കലും കേന്ദ്രസർക്കാരിന്റെ നയമായി മാറിയ സാഹചര്യത്തിൽ അതിനെ പ്രതിരോധിക്കാനും പരിഷത്തിന് നേതൃത്വപരമായ പങ്കു വഹിക്കാൻ കഴിയും. ശാസ്ത്രപ്രധാനമായ പാഠഭാഗങ്ങൾ ഒഴിവാക്കിയതിനെതിരെ നാം നടത്തിയ പ്രചരണ പരിപാടികളും വലിയതോതിൽ സ്വീകരിക്കപ്പെട്ടത് അതിന്റെ സൂചനയാണ്.

എന്നാൽ സമൂഹം പ്രതീക്ഷിക്കുന്ന തലത്തിലേക്ക് നമുക്ക് ഉയരാൻ അക്കാദമികശേഷിയിലും സംഘാടന മികവിലും ഇനിയും ഏറെ മുന്നോട്ട് പോയേ തീരൂ. നമ്മുടെ അംഗങ്ങളുടെ എണ്ണത്തിലും ശേഷികളിലും മികവ് കൈവരിച്ചു കൊണ്ടേ അത് സാധ്യമാകൂ. പക്ഷേ കഴിഞ്ഞ വർഷം സംഘടനയുമായി വിവിധ ഘട്ടങ്ങളിൽ സഹകരിക്കാൻ തയ്യാറായി വന്നവരെപ്പോലും സംഘടനയിലേക്ക് വേണ്ടവിധം ആകർ ഷിക്കാനാവുന്നില്ല എന്ന് ഈ വർഷത്തെ അംഗത്വ പ്രവർത്തനം ബോധ്യപ്പെടുത്തുന്നു. ഇതെന്തുകൊണ്ടാണ്?

ഒരു സംഘടനയുടെ ഏറ്റവും അടിസ്ഥാനമായ പ്രവർത്തനം അംഗത്വ പ്രവർത്തനമാണ്. അത് ശാസ്ത്രീയവും ചിട്ടയുമായി നടക്കുമ്പോഴാണ് മികച്ച സംഘടനാ പ്രവർത്തകരും കാലിക പ്രസക്തിയുള്ള പ്രവർത്തന പരിപാടികളുമുണ്ടായി സംഘടന അതിന്റെ പ്രവർത്തനലക്ഷ്യത്തിലേക്ക് നീങ്ങുക. എന്നാൽ നിലവിലെ അംഗത്വപ്രവർത്തനത്തിൽ ചില ദൗർബല്യങ്ങൾ പ്രകടമാണ്. അത് ഇപ്രകാരമാണ് :

1. പരിഷത്തിൽ അംഗമാകുന്നവർ പലരും താല്പര്യപൂർവ്വം വരുന്നവരോ സംഘടനയെ ചലിപ്പിക്കുന്നവരോ അല്ല. അതേ സമയം പരിഷത്തിൽ പ്രവർത്തിക്കണമെന്ന് കരുതുന്ന പലർക്കും വഴി കിട്ടാത്തതിനാൽ പരിഷത്തിൽ അംഗമാകാൻ കഴിയുന്നില്ല.

2. പരിഷത്തിന്റെ അംഗത്വവും പ്രവർത്തനങ്ങളും നടക്കുന്ന യൂണിറ്റുകളുടെ പ്രവർത്തന പരിധി കണക്കാക്കിയാൽ കേരളത്തിന്റെ മൊത്തം ഭ്രവിസ്തൃതിയുടെ ചെറിയൊരു ഭാഗമേ വരൂ.

3. പരിഷത്തിൽ യുവാക്കളും സ്ത്രീകളും അംഗങ്ങളായി എത്തി പ്രവർത്തകരാകുന്നത് കുറവാണ്.

4. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി യുവാക്കളേറെയും വിദൂരസ്ഥലങ്ങളിൽ പഠിക്കയും തൊഴിലെടുക്കുകയും ചെയ്യുന്നതിനാൽ പ്രാദേശിക യൂണീറ്റുകളിൽ അംഗമാകാനോ പ്രവർത്തിക്കാനോ അവർക്കാകുന്നില്ല.

5. പ്രാദേശിക യൂണിറ്റുകളിൽ വിവിധ വിഷയങ്ങളിൽ വൈദഗ്ധ്യവും സർഗ്ഗാത്മകതയുമുള്ളവർ ആകർഷിക്കപ്പെടാത്തതിനാൽ പുതിയ പരിപാടികൾ രൂപപ്പെടുത്തുന്നതിനും ആശയപ്രചരണത്തിനും പ്രാപ്തി കുറയുന്നു. ജില്ലാ- മേഖലാകമ്മിറ്റികൾ നിർദേശിക്കുന്ന കേവലമായ സന്നദ്ധ പ്രവർത്തനം മാത്രമായി സംഘടനാ പ്രവർത്തനം ചുരുങ്ങുന്നു.

അതായത് അംഗത്വപ്രവർത്തനത്തിലെ ദൗർബല്യം യൂണിറ്റ് പ്രവർത്തനത്തേയും യൂണിറ്റിന്റെ പ്രവർത്തനരാഹിത്യത്തെയും ബാധിക്കുന്ന വിഷമവൃത്തത്തിലാണ് സംഘടനയുള്ളത്.

## ഓൺലൈൻ അംഗത്വത്തിലേക്ക്...

പരിഷത്തിനോട് ചേർന്ന് പ്രവർത്തിക്കാൻ സന്നദ്ധരായ മുഴുവൻ പേരെയും സംഘടനാ പ്രവർത്തകരാക്കാൻ ലക്ഷ്യമിട്ടാണ് ഓൺലൈൻ അംഗത്വം എന്ന ആശയം കണ്ണൂർ സമ്മേളനം അംഗീകരിച്ചത്. എന്നാൽ അതിന് ചില ശ്രമങ്ങൾ നടന്നുവെങ്കിലും ഇങ്ങനെ വരുന്നവരെ ദൈനംദിന പ്രവർത്തനങ്ങളിൽ എങ്ങനെ ബന്ധിപ്പിക്കാം എന്ന ആശയക്കുഴപ്പം മൂലം അത് വേണ്ടത്ര മുന്നോട്ട് നീങ്ങിയില്ല. ഇക്കാര്യങ്ങളിൽ ആശയ വ്യക്തയുണ്ടാക്കി പരിഷത്തിലേക്ക് വരാൻ ആഗ്രഹിക്കുന്ന, പരിഷത്തിലൂടെ സമൂഹത്തിന് സംഭാവനചെയ്യാൻ കഴിയുന്ന മുഴുവൻപേരേയും സംഘടനയിൽ ഉൾക്കൊള്ളിക്കാനുള്ള പരിപാടിയാണ് ഇവിടെ വിവരിക്കുന്നത്.

### 1 ഓൺലൈൻ അംഗത്വം ആർക്കെല്ലാം വേണ്ടി?

പരിഷത്തിൽ അംഗമാകാൻ ആഗ്രഹിക്കുന്ന എന്നാൽ പരിഷത് പ്രവർത്തകർ അംഗത്വത്തിനായി സമീപിക്കാത്ത ആർക്കും ഓൺലൈനിൽ അംഗത്വത്തിന് അപേക്ഷിക്കാം.

### 2. ഓൺലൈൻ അംഗത്വത്തിന് അപേക്ഷിക്കാവുന്ന സാഹചര്യങ്ങൾ...

പരിഷത്തിൽ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നു. പക്ഷേ

a. ആരെ സമീപിക്കണമെന്നറിയില്ല

b. യൂണീറ്റില്ലാത്ത പ്രദേശത്ത് താമസം

c. ജോലിക്കോ പഠനത്തിനോ സ്വന്തം സ്ഥലത്ത് നിന്ന് കേരളത്തിൽ തന്നെ മാറിത്താമസിക്കുന്നു. അവിടത്തെ പ്രാദേശിക യൂണിറ്റിൽ ബന്ധപ്പെടാനാവുന്നില്ല.

d. മറ്റ് സംസ്ഥാനങ്ങളിൽ ജോലിയോ പഠനമോ ഉള്ളവർ

e. മറ്റ് രാജ്യങ്ങളിൽ ജോലിയോ പഠനമോ ഉള്ളവർ

**3. അംഗത്വത്തിന് താല്പര്യപ്പെടൽ എങ്ങിനെ?**

a. പരിഷത്തിന്റെ പ്രവർത്തന ലക്ഷ്യവും നടത്തുന്ന പ്രവർത്തനങ്ങളും ആർക്കെല്ലാം പരിഷത്തിൽ അംഗമാകാം എന്ന് വിവരിക്കുന്ന, ജനറൽ സെക്രട്ടറിയുടെ കുറിപ്പ് സൈറ്റിൽ ഉണ്ടാകും.

b. അത് വായിച്ച് താൽപര്യപ്പെടുന്നവർ ഓൺലൈൻ സൈറ്റിലെ ഫോറം പൂരിപ്പിച്ച് അംഗത്വത്തിന് താല്പര്യം അറിയിക്കുന്നു.

c. താൽപര്യം പ്രകടിപ്പിച്ച വ്യക്തിയുടെ ഇന്റഗ്രിറ്റി സംബന്ധിച്ച് മേഖലാ സെക്രട്ടറി വഴി അന്വേഷണം നടത്തി ജില്ലാഭാരവാഹികൾ അംഗീകാരം നൽകുന്നു/ തിരസ്കരിക്കുന്നു.

d. സംഘടനയിൽ അംഗമാകാൻ താൽപര്യം പ്രകടിപ്പിച്ചതിൽ സന്തോഷം രേഖപ്പെടുത്തിയും അംഗത്വ ഫീസ് അടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ടുമുള്ള ജനറൽ സെക്രട്ടറിയുടെ / ജില്ലാ സിക്രട്ടറിയുടെ അറിയിപ്പ്.

e. അംഗത്വഫീസും താൽപര്യപ്പെടുന്നെങ്കിൽ ആവശ്യമുള്ള ശാസ്ത്ര മാസികകൾക്കുള്ള വരിസംഖ്യയും പ്രത്യേക അക്കൗണ്ടിലേക്ക് ഓൺലൈനായി തന്നെ അടയ്ക്കുന്നു. ഫോറത്തിൽ ഇതിന്റെ വിവരവും പൂരിപ്പിച്ചിരിക്കണം.

f. താമസിക്കുന്ന സ്ഥലത്തോ ജോലിചെയ്യുന്ന സ്ഥലത്തോ (പഞ്ചായത്തിൽ) പരിഷത്ത് യൂണിറ്റുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാനാകുമോ എന്ന ചോദ്യവും ഉണ്ടാകും- യൂണിറ്റുകളുടെ പേരും (സെക്രട്ടറിയുടെ നമ്പറും) തിരിച്ചുള്ള അറിയിപ്പിൽ ചേർക്കണം.

**4. താൽപര്യം പ്രകടിപ്പിച്ച വ്യക്തിയുടെ ഇന്റഗ്രിറ്റി എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?**

ശാസ്ത്രത്തിലും മാനവികതയിലും ഊന്നി നിന്ന് സമൂഹത്തിൽ ഇടപെടുന്ന സംഘടനയാണ് പരിഷത്ത്. സ്വാഭാവികമായും ശാസ്ത്രത്തിലും മാനവികതയിലും ഊന്നിയ സാമൂഹ്യ ഇടപെടൽ അംഗീകരിക്കുന്നവരാണ് പരിഷത്തിലേക്ക് വരിക. എന്നാൽ ശാസ്ത്രവിരുദ്ധതയിലും സാമൂഹ്യവിരുദ്ധതയിലും വർഗീയപ്രചരണത്തിലും മുഴുകിയ പലരും ഇന്ന് കേരളത്തിലുണ്ട് എന്നതിനാൽ അത്തരക്കാർ ആരും പരിഷത്തിന്റെ ഭാഗമാകരുത് എന്ന് നമ്മൾ ഉറപ്പു വരുത്തേണ്ടതുണ്ട്.

**5. അപ്പോൾ പരിഷത്തിന്റെ ആശയങ്ങളോടും നിലപാടുകളോടും വിയോജിക്കുന്നവർക്ക് പരിഷത്തിൽ അംഗമാകാമോ?**

പരിഷത്തിലെ അംഗങ്ങളോട് സംഘടന ആവശ്യപ്പെടുന്നത് ആശയങ്ങളിലേയും നിലപാടുകളിലേയും വിശ്വാസമല്ല, ബോധ്യമാണ്. ആ ബോധ്യത്തിലേക്ക് അംഗങ്ങൾ എത്തിച്ചേരുക സംഘടന നടത്തുന്ന പ്രവർത്തനങ്ങളിൽ പങ്കാളിയായാണ്. പരിഷത്തിന്റെ സംഘടനാ സംസ്കാരവും (പാരിഷത്തികത) അതിലൂടെയാണ് ആർജിക്കുക. അതുകൊണ്ട് തന്നെ പരിഷത്തിന്റെ ആശയങ്ങളും നിലപാടുകളും കൂടുതൽ പേരിലേക്ക് എത്തിക്കാനുള്ള മാർഗ്ഗം കൂടിയാണ് അംഗത്വത്തിലേക്ക് കൂടുതൽപേരെ കൊണ്ടു വരിക

എന്നത്. സയൻസിനെയും മാനവികതയെയും അംഗീകരിക്കുന്നവരാകണമെന്നേ അംഗത്വത്തിനായി ശഠിക്കേണ്ടതുള്ളൂ.

**6. അംഗത്വത്തിന് താല്പര്യപ്പെട്ടവരുടെ യൂണിറ്റ് തീരുമാനിക്കുന്നത് എങ്ങനെ?**

a. ഇപ്പോൾ താമസിക്കുന്ന (ജോലി ചെയ്യുന്ന) സ്ഥലം കേരളത്തിൽ തന്നെയാണ്, പ്രാദേശിക യൂണിറ്റിൽ ബന്ധപ്പെടാൻ അസൗകര്യങ്ങളില്ല എങ്കിൽ അവർ നിർദേശിച്ച യൂണിറ്റിൽ ഉൾപ്പെടുത്തി വിവരം യൂണിറ്റ് സെക്രട്ടറിയെ അറിയിക്കും / യൂണിറ്റ് സിക്രട്ടറിക്ക് കൈമാറി ഉൾപ്പെടുത്തും.

b. ജില്ലയിൽ തന്നെ ജീവിക്കുന്ന, എന്നാൽ പ്രാദേശിക യൂണിറ്റിൽ ബന്ധപ്പെടാൻ (യൂണിറ്റില്ലാത്തതിനാലോ ഔദ്യോഗിക കാരണങ്ങളാലോ) അസാധ്യമായവരെ ജില്ലാകമ്മിറ്റിയുടെ ഓൺലൈൻ യൂണിറ്റിൽ അംഗമാക്കും. പ്രദേശത്ത് യൂണിറ്റുണ്ടാകുന്ന മുറയ്ക്കോ സ്വന്തം പ്രദേശത്ത് സ്ഥിരതാമസമാകുന്ന മുറയ്ക്കോ അവരെ പ്രാദേശിക യൂണിറ്റിലേക്ക് മാറ്റാം.

c. ജോലിയുടെയോ പഠനത്തിന്റെയോ ഭാഗമായി മറ്റു ജില്ലയിൽ പോയി താമസിക്കേണ്ടിവരുന്നവർക്ക് അവിടുത്തെ പ്രാദേശിക യൂണിറ്റിൽ ബന്ധപ്പെടുത്താൻ ആവുന്നില്ല എങ്കിൽ അവരെയും സ്വന്തം ജില്ലയുടെ ഓൺലൈന് യൂണിറ്റിൽ ചേർക്കാം.

d. കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനങ്ങളിലും വിദേശത്തും താമസിക്കുന്നവരെയും ജില്ലയുടെ ഓൺലൈൻ യൂണിറ്റിലാണ് ഉൾപ്പെടുത്തുക. (ഇന്ത്യൻ പൗരത്വം ഉപേക്ഷിച്ച് വിദേശത്ത് സ്ഥിരതാമസമാക്കിയവർക്ക് അംഗത്വം നൽകേണ്ടതില്ല). ഇവർക്കും നാട്ടിലേക്ക് തിരിച്ചെത്തുന്ന മുറയ്ക്ക് പ്രാദേശിക യൂണിറ്റിലേക്ക് മാറാം.

**7. മേൽ പറഞ്ഞ എല്ലാവർക്കും ഒരേ ഓൺലൈൻ യൂണിറ്റാവുമോ ഉണ്ടാവുക?**

ചുരുങ്ങിയത് നാല് ഓൺലൈൻ യൂണിറ്റെങ്കിലും ജില്ലയിൽ വേണ്ടിവരും. അപ്രകാരം നാല് യൂണിറ്റുകൾ ഒരു പുതിയ മേഖലാ കമ്മിറ്റിക്ക് കീഴിൽ ഏകോപിപ്പിക്കാം. ആദ്യ ഘട്ടത്തിൽ ജില്ലാ കമ്മിറ്റി നിശ്ചയിക്കുന്ന ഒരു മുഖ്യ കോർഡിനേറ്ററും ഒരു സഹായിയും ചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാം.

ആദ്യ ഘട്ടത്തിൽ ജില്ലാ തലത്തിൽ ഒരു ഗൂഗിൾ ഫോം തയ്യാറാക്കി ഡാറ്റാ ശേഖരിച്ച്, പ്രവർത്തനങ്ങൾ സംഘടിപ്പിക്കാം.

ജില്ലകളുടെ മേൽ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സംഘടനയുടെ വെബ് സൈറ്റ് വഴി തന്നെ അംഗത്വ അപേക്ഷ സ്വീകരിച്ച് ജില്ലകൾക്ക് കൈമാറുന്ന സംവിധാനങ്ങൾ അടുത്ത വർഷം ഐ.റ്റി സബ് കമ്മിറ്റി തയ്യാറാക്കി തുടങ്ങണം.

യൂണിറ്റില്ലാത്തതിനാൽ അംഗമായവർക്കുള്ളത്, കേരളത്തിനുള്ളിൽ മറ്റ് ജില്ലകളിൽ പ്രവർത്തിക്കുന്നവർക്കുള്ളത്, മറ്റ് സംസ്ഥാനങ്ങളിൽ ജീവിക്കുന്നവർക്കുള്ളത്, വിദേശത്തുള്ളവർക്കുള്ളത് എന്നിങ്ങനെയാകാം. ഫലപ്രദമാകാൻ ഒന്നിൽ അപേക്ഷകർ അമ്പതിൽ കൂടുതലായാൽ അതിനെ വിഭജിക്കാം. (യൂറോപ്പ് ,ഗൾഫ്, മറ്റുള്ളവ എന്നിങ്ങനെ വിദേശ യൂണിറ്റിനെയും മറ്റ് സംസ്ഥാനങ്ങളുടെതിനെ വിവിധ സംസ്ഥാനാടിസ്ഥാനത്തിലും). ഓരോ ഓൺലൈൻ യൂണിറ്റിനും ഒരു വാട്സ് ആപ് / ടെലഗ്രാം ഗ്രൂപ്പ് ഉണ്ടാവണം.

**8.അംഗത്വ നടപടി പൂർത്തിയാക്കൽ എപ്പോൾ?**

അംഗത്വഫീസ് ലഭിച്ച് അവരുടെ യൂണിറ്റും തീരുമാനിച്ച് വാട്സ് ആപ് ഗ്രൂപ്പും സൃഷ്ടിച്ചു കഴിഞ്ഞാൽ അവരെ വിവരം ഓൺലൈനായി രേഖാമൂലം ജില്ലാ ട്രഷറർ/ ജില്ലാ സിക്രട്ടറി അറിയിക്കണം. പരിഷത്തിലേക്ക് സ്വാഗതം ചെയ്യുന്നതും മിനിമം ചെയ്യേണ്ടതായി പ്രതീക്ഷിക്കുന്ന കാര്യങ്ങൾ പ്രതിപാദിക്കുന്നതുമാകണം കത്ത്.

**9. എന്തെല്ലാം കാര്യങ്ങളാണ് അംഗങ്ങളിൽനിന്ന് മിനിമം പ്രതീക്ഷിക്കേണ്ടത്?**

പരിഷത്തിന്റെ പ്രവർത്തനങ്ങളിൽ സാധ്യമായത്ര പങ്കെടുക്കുക, പരിഷദ് ആശയങ്ങളും നിലപാടുകളും മനസ്സിലാക്കാൻ ശ്രമിക്കുക, ഭിന്നാഭിപ്രായങ്ങൾ സംഘടനയുമായി സംവദിക്കുക, ബോധ്യമായ ആശയങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കാൻ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചും ആശയപ്രചരണം നടത്തിയും സഹായിക്കുക, പരിഷത്തിന്റെ പ്രസിദ്ധീകരണങ്ങളും ഉല്പന്നങ്ങളും കൂടുതൽ പേരിലേക്കെത്താൻ സഹായിക്കുക, ശാസ്ത്ര ബോധത്തെ പൊതുബോധമാക്കി മാറ്റുവാൻ നിരന്തരം പ്രയത്നിക്കുക, ഇത്തരം പരിഷത്താശയങ്ങൾ താൻ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളെക്കൂടി ബോധ്യപ്പെടുത്താൻ യത്നിക്കുക, ആവശ്യമായ ഘട്ടങ്ങളിൽ തന്റെ സവിശേഷമായ കഴിവുകളും ശേഷിയും സംഘടനക്കായി സന്നദ്ധാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുക.

**10. ഓൺലൈൻ അംഗങ്ങൾക്ക് എങ്ങനെയാണ് സംഘടനാ പ്രവർത്തനത്തിൽ പങ്കെടുക്കാനാവുക?**

പരിഷത്തിന്റെ പ്രവർത്തനങ്ങൾ മാത്രമല്ല, അംഗങ്ങളും വൈവിധ്യമുള്ളതാണ്. നാം നടത്തുന്ന പ്രവർത്തനങ്ങളെ വിജയപഥത്തിലേക്കെത്തിക്കാൻ അക്കാദമിക വൈദഗ്ധ്യം, ആശയവിനിമയശേഷി, സർഗ്ഗാത്മകത , സംഘാടനം, സന്നദ്ധപ്രവർത്തനം എന്നിവയെല്ലാം വേണ്ടിവരും. ഈ കഴിവുകൾ എല്ലാവരിലും ഒത്തൊരുമിക്കാൻ പ്രയാസമാണ്. അതേസമയം പല പ്രവർത്തകരിലുമായി അവ ഉണ്ട് താനും. അവ ഒത്തൊരുമിക്കുമ്പോഴുള്ള രസതന്ത്രമാണ് പരിഷത്തിന്റെ ഓജസ്സ്. എന്നാൽ ആദ്യം പറഞ്ഞ മൂന്നിലും പരിമിതി ഇന്ന് അനുഭവപ്പെടുന്നു. അതിനാൽ സംഘാടനവും സന്നദ്ധതയും മാത്രം ആവശ്യമായ പ്രവർത്തനങ്ങളേ യൂണിറ്റുകളിലും മേഖലകളിലും സംഘടിപ്പിക്കപ്പെടുന്നുള്ളൂ. അതേസമയം മറ്റ് തലങ്ങളിലെ പ്രവർത്തനങ്ങൾ- വിഷയ സമിതി, ക്ലാസ്സുകൾ , കലാജാഥ , മാസിക തുടങ്ങിയവയിലെ അക്കാദമികവും സർഗ്ഗാത്മകവുമായ സഹായം ചെയ്തുകൊണ്ട് ഏറെപ്പേർ ജില്ലാ സംസ്ഥാന തലങ്ങളിലുണ്ട്. അവരിൽ പലരും പ്രാദേശികമായി യൂണിറ്റില്ലാത്തതിനാൽ പരിഷത്തംഗത്വം ഇല്ല എന്ന സാഹചര്യവും ഉണ്ട്. അത്തരത്തിലുള്ള പ്രവർത്തനവും പരിഷദ് പ്രവർത്തനമായി കാണണം. ഓൺലൈൻ യൂണിറ്റുകളിലൂടെ അത്തരക്കാരേയും സംഘടനയുമായി ബന്ധിപ്പിക്കാൻ കഴിയും.